ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 08.01.2025

## പ്രധാനവാർത്തകൾ

1. കേരളം അതിദാരിദ്ര്യ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമായി ഇക്കൊല്ലം മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ജില്ലാ കളക്ടർമാരോട് മുഖ്യമന്ത്രി.

2. 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കലാകിരീടം സ്വന്തമാക്കി തൃശൂർ ജില്ല. പാലക്കാടും, കണ്ണൂരും തൊട്ടുപിന്നിൽ. കലോത്സവത്തിന് തിരുവനന്തപുരത്ത് സമാപനമായി.

3. 18 -ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഒഡീഷയിൽ ഇന്ന് തുടക്കം. ഔദ്യോഗിക ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവ്വഹിക്കും.

4. ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച സംയുക്ത പാർലമെൻററി സമിതി ന്യൂഡൽഹിയിൽ ഇന്ന് ആദ്യ യോഗം ചേർന്നു.

5. ഐ ലീഗിൽ ഡൽഹിയെ എതിരില്ലാത്ത അഞ്ച് ഗോളുകൾക്ക് പരാജയപ്പെടുത്തി ഗോകുലം കേരള എഫ് സി.

************************************

മുഖ്യമന്ത്രി

സംസ്ഥാനം ഇക്കൊല്ലം അതിദാരിദ്ര്യ മുക്തമാകുമെന്നും അതിനുള്ള പ്രവർത്തനങ്ങളും പദ്ധതികളും എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പിലാക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തൈക്കാട് അതിഥി മന്ദിരത്തിൽ രണ്ട് ദിവസമായി ചേരുന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. നവംബർ മാസത്തോടെ കേരളം അതിദാരിദ്ര്യ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാകും. ഇതിനായി സമഗ്രവും, ശാസ്ത്രീയവും പ്രായോഗികവുമായ പരിപാടികൾ നടപ്പാക്കി വരികയാണ്. അത് ഊർജിതമാക്കണമെന്നും ഓരോ പഞ്ചായത്തിനും ബ്ലോക്കിനും മണ്ഡലങ്ങൾക്കും അതിദരിദ്രരില്ലാത്ത കുടുംബങ്ങളെ പ്രഖ്യാപിക്കാവുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. മന്ത്രിമാരും, ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി തുടങ്ങിയ മുതിർന്ന ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുത്തു.

RNUTVPM

****************************************

കലോത്സവം - ഇൻട്രോ

63-ാമത് സംസ്ഥാന കലോത്സവത്തിൽ 1008 പോയിൻറ് നേടി സ്വർണ്ണക്കപ്പിൽ മുത്തമിട്ട് തൃശൂർ ജില്ല. കാൽ നൂറ്റാണ്ടിന് ശേഷമാണ് കലാകിരീടം തൃശൂരിലേക്കെത്തുന്നത്. 1007 പോയിന്റുമായി പാലക്കാട് രണ്ടാമതും 1003 പോയിന്റുമായി കണ്ണൂർ മൂന്നാമതും എത്തി. കലോത്സവത്തിൻറെ സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര താരങ്ങളായ ടൊവിനോ തോമസും ആസിഫ് അലിയും ചടങ്ങിൽ മുഖ്യതിഥികളായി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...

(വോയ്സ്)

*************************************

## പ്രവാസി ഭാരതീയ ദിവസ്

18 -ാമത് പ്രവാസി ഭാരതീയ ദിവസ് ആഘോഷങ്ങൾക്ക് ഒഡീഷയിൽ തുടക്കമായി. 75 രാജ്യങ്ങളിൽ നിന്നുള്ള ആറായിരത്തോളം പ്രവാസി ഇന്ത്യൻ പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും. യുവ പ്രവാസി ഭാരതീയ ദിവസ് പരിപാടിയോടെയാണ് മൂന്ന് ദിവസത്തെ സമ്മേളനത്തിന് ഇന്ന് തുടക്കമായത്. വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കാനുള്ള യാത്രയിലാണ് ഇന്ത്യയെന്നും, യുവ പ്രവാസികൾക്ക് ഇതിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കുമെന്നും വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.

RNU TVPM

*************************************

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ കൊണ്ടുവന്ന രണ്ട് ബില്ലുകൾ അവലോകനം ചെയ്യുന്ന സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ന്യൂഡൽഹിയിൽ ചേർന്നു. നിയമ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങി സമൂഹത്തിൻറെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും അഭിപ്രായം തേടിയ ശേഷമാകും അന്തിമ റിപ്പോർട്ട് തയ്യാറാക്കുകയെന്ന് ജെപിസി അധ്യക്ഷൻ പി.പി ചൗധരി അറിയിച്ചു. 39 അംഗ

സമിതിയിൽ ലോക്സഭയിൽ നിന്ന് 27 എംപിമാരും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്. അടുത്ത പാർലമെന്റ് സമ്മേളനത്തിന്റെ അവസാന ആഴ്ചയിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും.

***********************************

## ഐ.എസ്.ആർ.ഒ ചെയർമാൻ - ഇൻട്രോ

ചന്ദ്രയാൻ-4, ഗഗൻയാൻ തുടങ്ങി ഐ.എസ്.ആർ.ഒയുടെ ഭാവി ദൗത്യങ്ങൾ വിജയകരമായി പൂർത്തീകരിക്കാനാകുമെന്ന പ്രത്യാശ പങ്കുവച്ച് നിയുക്ത ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. വി നാരായണൻ. നിലവിൽ വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ കേന്ദ്രത്തിന്റെ ഡയറക്ടറായ അദ്ദേഹം ഈ മാസം 14 നാണ് ചുമതലയേൽക്കുന്നത്.

**ഡോ.വി.നാരായണൻ ആകാശവാണി വാർത്തകളോട്...........**

(വോയ്സ്)

RNUTVPM

***********************************

## എൽ മുരുഗൻ

രണ്ടു ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും. കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന സുഗത സൂക്ഷ്മവനം പരിപാടി എറണാകുളം വടുതല ചിന്മയ വിദ്യാലയത്തിൽ അദ്ദേഹം നാളെ ഉദ്ഘാടനം ചെയ്യും. കൊട്ടാരക്കരയിലും, പാരിപ്പള്ളിയിലും നടക്കുന്ന സുഗത സൂക്ഷ്മവനം ഉദ്ഘാടന ചടങ്ങിലും കേന്ദ്ര സഹമന്ത്രി പങ്കെടുക്കും. കരുനാഗപ്പള്ളിയിലെ

അമൃതാനന്ദമയി മഠവും, ചടയമംഗലത്തെ ജടായു എർത്ത് സെൻററും അദ്ദേഹം സന്ദർശിക്കും.

*************************************

## ശബരിമല

മണ്ഡല - മകരവിളക്ക് സീസണിൽ ഇതുവരെ ശബരിമലയിൽ ദർശനം നടത്തിയത് 41 ലക്ഷത്തിനടുത്ത് തീർത്ഥാടകർ. മകരവിളക്ക് മഹോത്സവത്തിനുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ശബരിമല എഡിഎം അരുൺ എസ്. നായരുടെ അധ്യക്ഷതയിൽ ഇന്ന് അവലോകനയോഗം ചേർന്നു. മകരവിളക്ക് ദിവസവും, മുൻപുള്ള രണ്ട് ദിവസങ്ങളിലും ഹൈക്കോടതി നിർദ്ദേശപ്രകാരം തീർത്ഥാടകരുടെ എണ്ണത്തിൽ നിയന്ത്രണം വരുത്തും. ഈ മാസം 14 നാണ് മകരവിളക്ക്. തിരുവാഭരണ ഘോഷയാത്ര 12 ന് പന്തളത്തു നിന്നും പുറപ്പെടും.

*************************************

RNU TVPM

## സ്പെഷ്യൽ ട്രെയിൻ

മകരവിളക്ക് - പൊങ്കൽ ഉത്സവത്തോടനുബന്ധിച്ച് പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തി ദക്ഷിണ റെയിൽവെ. ജനുവരി 15, 16,17 തീയതികളിലായി തിരുവനന്തപുരത്ത് നിന്നും, എറണാകുളത്ത് നിന്നും ചെന്നൈയിലേക്കും, തിരിച്ചുമാണ് സ്പെഷ്യൽ ട്രെയിൻ സർവീസ് ഏർപ്പെടുത്തുന്നത്. ട്രെയിനുകളിലേക്കുള്ള മുൻകൂർ ബുക്കിംഗ് ആരംഭിച്ചു.

*************************************

## ഹണി റോസ് - ബോബി ചെമ്മണ്ണൂർ

സിനിമാതാരം ഹണി റോസിൻറെ പരാതിയിൽ പോലീസ് കസ്റ്റഡിയിലെടുത്ത വ്യവസായി ബോബി ചെമ്മണ്ണൂരിനെ ഉടൻ കൊച്ചിയിലെത്തിക്കും. വയനാട് മേപ്പാടിയിൽ നിന്നാണ് ഇയാളെ ഇന്ന് രാവിലെ പോലീസ് പിടികൂടിയത്. കൊച്ചിയിലെത്തിച്ച ശേഷമായിരിക്കും അറസ്റ്റുൾപ്പെടെയുള്ള തുടർനടപടികൾ. അശ്ലീല അധിക്ഷേപങ്ങളുമായി ബന്ധപ്പെട്ട്, സ്ത്രീത്വത്തെ അപമാനിച്ചെന്ന പരാതിയിൽ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് എറണാകുളം സെൻട്രൽ പോലീസ് കേസെടുത്തിരിക്കുന്നത്. പരാതിയിൽ ഹണി റോസിൻറെ രഹസ്യമൊഴിയും രേഖപ്പെടുത്തി.

**************************************

RNU TVPM

## മുണ്ടക്കൈ-ചൂരൽമല

മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനായി എൽസ്റ്റ എസ്റ്റേറ്റിലും നെടുമ്പാല എസ്റ്റേറ്റിലും കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിന് വയനാട് കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം തീരുമാനിച്ചു. ടൗൺഷിപ്പിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ നേരത്തെ അനുമതി നൽകിയിരുന്നു.

**************************************

## കുഞ്ഞിപ്പെട്ടി അരി - ഇൻട്രോ

ഇടുക്കി അടിമാലിയിൽ ആദിവാസി ഗോത്ര വിഭാഗം ഉൽപ്പാദിപ്പിക്കുന്ന അരി "കുഞ്ഞിപ്പെട്ടി അരി" എന്ന ബ്രാൻഡിൽ നാളെ മുതൽ പൊതുവിപണിയിൽ എത്തും. വിവിധ സർക്കാർ വകുപ്പുകളുടെയും കേന്ദ്ര ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെയും

സഹകരണത്തോടെയാണ് പാടശേഖര സമിതി കൃഷിയിറക്കിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

**************************************

**പുസ്തകോത്സവം**

തിരുവനന്തപുരത്ത് നടക്കുന്ന നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ രണ്ടാം ദിനം , സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തെക്കുറിച്ചുള്ള സുപ്രധാന ചർച്ചയ്ക്ക് വേദിയായി. ജോൺ ബ്രിട്ടാസ് എംപി മോഡറേറ്റർ ആയ ചർച്ചയിൽ എം.വി ഗോവിന്ദൻ, രമേശ് ചെന്നിത്തല, പി.കെ കൃഷ്ണദാസ് എന്നീ നേതാക്കൾ പങ്കെടുത്തു. ആധുനിക ഇന്ത്യയ്ക്ക് പാത തെളിച്ച ആശയങ്ങളും ഇതിഹാസങ്ങളും എന്ന വിഷയത്തിൽ ശശി തരൂർ എംപി പ്രഭാഷണം നടത്തി. വിവിധ പുസ്തകങ്ങളുടെ പ്രകാശനവും മേളയിൽ ഇന്ന് നടന്നു.

RNU TVPM

**************************************

**ജലവിതരണം തടസ്സപ്പെടും**

തിരുവനന്തപുരം പടിഞ്ഞാറേനട കൊത്തളം റോഡിലെ വാഴപ്പള്ളി ജംഗ്ഷന് സമീപം കുടിവെള്ള പൈപ്പ്ലൈനിലെ ചോർച്ച പരിഹരിക്കുന്നതിനായി ഈ മാസം 10ന് നിശ്ചയിച്ചിരുന്ന അറ്റകുറ്റപ്പണികൾ ജനുവരി 16ലേക്ക് മാറ്റി. 16 മുതൽ 18 വരെ ശ്രീവരാഹം, ഫോർട്ട്, ചാല, വള്ളക്കടവ്, പെരുന്താന്നി, കമലേശ്വരം വാർഡുകളിൽ പൂർണമായും തമ്പാനൂർ, ആറ്റുകാൽ തുടങ്ങി വിവിധ വാർഡുകളിൽ

ഭാഗികമായും ശുദ്ധജല വിതരണം തടസ്സപ്പെടുമെന്ന് ജല അതോറിറ്റി അറിയിച്ചു.

************************************

## മൂന്നാർ - മരണം

മൂന്നാർ ചിത്തിരപുരത്ത് റിസോർട്ടിന്റെ ആറാം നിലയിൽ നിന്ന് വീണ് ഒൻപതു വയസ്സുകാരൻ മരിച്ചു. മധ്യപ്രദേശ് സ്വദേശി പ്രഭാ ദയാലാണ് മരിച്ചത്. മുറിയിൽ കസേരയിൽ കയറി നിന്ന് സ്ലൈഡിങ് ജനൽ തുറക്കുന്നതിനിടെ താഴേക്ക് വീണതായാണ് പ്രാഥമിക വിവരം.

************************************

## ഐ ലീഗ്

ഐ ലീഗ് ഫുട്ബോളിൽ ഡൽഹിയെ എതിരില്ലാത്ത അഞ്ച് ഗോളുകൾക്ക് പരാജയപ്പെടുത്തി ഗോകുലം കേരള എഫ് സി. ഇതോടെ ഏഴ് മത്സരത്തിൽനിന്ന് 10 പോയിൻറുമായി പട്ടികയിൽ നാലാം സ്ഥാനത്താണ് ഗോകുലം കേരള. 14ന് ഗോവയിൽ ഡെമ്പോയ്ക്ക് എതിരേയാണ് ഗോകുലത്തിന്റെ അടുത്ത മത്സരം.

RNUTVPM

************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഗോവ – ഹൈദരാബാദ് പോരാട്ടം. രാത്രി 7.30 ന് ഗോവയിലെ ഫത്തോർഡ സ്റ്റേഡിയത്തിലാണ് മത്സരം. ടൂർണമെൻറിൽ 25 പോയിൻറുമായി ഗോവ മൂന്നാമതും എട്ട് പോയൻറുമായി ഹൈദരാബാദ് 12-ാം സ്ഥാനത്തുമാണ്.

************************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നഷ്ടം. സെൻസെക്സ് 51 പോയിൻറ് താഴ്ന്ന് 78,148 ലും, നിഫ്റ്റി 19 പോയിൻറ് താഴ്ന്ന് 23,688 ലുമാണ് ഇന്ന് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണം ഗ്രാമിന് 10 രൂപ വർദ്ധിച്ച് 7,225 ഉം, പവന് 57,800 മാണ് ഇന്നത്തെ വില.

*****************************************************
***********************************
*********************

RNU TVPM